## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**(സംഗ്രഹം)**

മഹാത്മാഗാന്ധി സർവ്വകലാശാല - ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ് 2018-19 അക്കാദമിക വർഷം മുതൽ പരിഷ്കരിച്ച് അഫിലിയേറ്റഡ് കോളേജുകൾക്ക് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം.5359/എ1/2/2018/അക്കാദമിക് — തീയതി, പ്രിയദർശിനി ഹിൽസ്, 07.07.2018

---

പരാമർശം :
1. സർവ്വകലാശാലാ ഉത്തരവ് നം.4097/എ1/2/2018/അക്കാദമിക് തീയതി 21.05.2018.
2. 12.06.2018-ലെ കുറിപ്പ് നം.രജി/കേ പ്ര/08/2018.
3. 04.07.2018 തീയതിയിലെ വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രോ- വൈസ് ചാൻസിലറുടെ കുറിപ്പ് നം.VC.702/081/2018.

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം, ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ് 2018-19 അക്കാദമിക വർഷം മുതൽ 450/- രൂപയായി (ഒരു തവണ പ്രവേശന വർഷം മാത്രം) പരിഷ്കരിച്ചിരുന്നു. കേന്ദ്രീകൃത പ്രവേശന സംവിധാനത്തിൻെറ മേൽനോട്ട സമിതി, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ് 2018-19 അക്കാദമിക വർഷം മുതൽ 650/- രൂപയായി (ഒരു തവണ പ്രവേശന വർഷം മാത്രം) വർദ്ധിപ്പിക്കുവാൻ പരാമർശം (2) പ്രകാരം, ശുപാർശ ചെയ്യുകയും, ടി ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസിലർ, അംഗീകരിക്കുകയും ചെയ്തു.

കൂടാതെ, മേൽ പരിഷ്കരിച്ച ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളുൾപ്പെടെ സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും ബാധകമാക്കുവാൻ, പരാമർശം (3) പ്രകാരം, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രോ-വൈസ് ചാൻസിലർ, ഉത്തരവാകുകയും ചെയ്തു.

<u>സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ് ഘടന (ഒരു തവണ പ്രവേശന വർഷം മാത്രം):</u>

| ക്രമ നമ്പർ | ഇനം | പരിഷ്കരിച്ച ഫീസ് (രൂപയിൽ) |
|---|---|---|
| 1 | ബിരുദ പ്രോഗ്രാമുകൾ | 450 |
| 2 | ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ | 650 |

തദനുസരണം മേൽഫീസ് പരിഷ്കരണം 2018-19 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിലായ തായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് 1)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളുടെ പ്രിൻസിപ്പൽമാർക്കും
2. ബന്ധപ്പെട്ട സെക്ഷനുകൾക്ക്
3. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/ഫിനാൻസ്/പരീക്ഷ)
6. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എസി.എ8/അന്വേഷണ വിഭാഗം
7. എസി.സി.1/പി.ആർ.ഒ./എസി.ബി6/ എസി.ബി7 സെക്ഷനുകൾ
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/2/5445/2018 (ഭാഗം 1)

ഉത്തരവിൻ പ്രകാരം

ഒപ്പ്

സെക്ഷൻ ഓഫീസർ